# കേരളസർവകലാശാല

നം.പി.ആർ.207/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2020
### ഓൺലൈൻ അപേക്ഷ അവസാന തീയതി ഒക്ടോബർ 27

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 27 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും ഒക്ടോബർ 27 ന് വൈകിട്ട് 5 മണിക്ക് മുൻപ് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രൊഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഒക്ടോബർ 27 ന് വൈകിട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഒക്ടോബർ 27 വൈകിട്ട് 5 മണി വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ പൂർത്തിയാക്കിയവർക്ക് വീണ്ടും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിലെ കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താൽപര്യമുള്ള വിഷയങ്ങൾ/കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ ഇവിടെ ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ നൽകിയതിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക.

ഓൺലൈൻ അപേക്ഷ പ്രിന്റൗട്ടിന്റെ പകർപ്പുകൾ ഒന്നും തന്നെ കോളേജിലേക്കോ സർവകലാശാലയിലേക്കോ അയയ്ക്കേണ്ടതില്ല. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് 8281883052, 82281883053 എന്നീ ഫോൺ നമ്പറുകളിലെ onlineadmission@keralauniversity.ac.in എന്ന ഇ-മെയിൽ ഐ.ഡി. യിലോ സർവകലാശാലയുമായി ബന്ധപ്പെടുക.

## പരീക്ഷാഫീസ്

വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2019 അഡ്മിഷൻ റെഗുലർ ആന്റ് 2018 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ 2020 പരീക്ഷയ്ക്ക് ഒക്ടോബർ 23 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ നവംബർ 4 വരെയും 150 രൂപ പിഴയോടെ നവംബർ 9 വരെയും 400 രൂപ പിഴയോടെ നവംബർ 11 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.എസ്.ഡബ്ല്യൂ – ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഡോൺ ബോസ്കോ കോളേജ്, കൊട്ടിയം 2020–21 അദ്ധ്യയനവർഷത്തേക്കുളള അഡ്മിഷനു വേണ്ടിയുള്ള എം.എസ്.ഡബ്ല്യൂ. ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവ നവംബർ 2 ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 നവംബറിൽ നടന്ന സി.ബി.സി.എസ്. ബി.കോം. ഒന്നാം സെമസ്റ്റർ 2019 അഡ്മിഷനഡ (റെഗുലർ), 2017 അഡ്മിഷൻ (ഇംപ്രൂവ്മെന്റ്), 2014, 2015, 2016 & 2017 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 3 വരെ അപേക്ഷിക്കാം. അതിനായി വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

2020 ജൂണിൽ നടത്തിയ അവസാന വർഷ (ആന്വൽ സ്കീം) ബി.എ.മലയാളം (ഓഫ്ലൈൻ ആന്റ് സപ്ലിമെന്ററി), സോഷ്യോളജി (ഓഫ്ലൈൻ), പൊളിറ്റിക്കൽ സയൻസ് മെയിൻ (ഗവ.സംസ്കൃത കോളേജ് – ഓൺലൈൻ) സബ്സിഡിയറി, സൈക്കോളജിക്കൽ സ്റ്റാറ്റിസ്റ്റിക്സ്, ജേർണലിസം എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുന്നതിനുള്ള തീയതി പിന്നീട് അറിയിക്കുന്നതാണ്.

2020 സെപ്റ്റംബർ മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സ്പെഷ്യൽ പരീക്ഷകളുടെ (ബി.എ/ബി.എസ്.സി/ബി.കോം) ഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ഡ്രാഫ്റ്റ് മാർക്ക് ലിസ്റ്റ് ലഭ്യമാണ്.

## പിഎച്ച്.ഡി. നൽകി

ദിവ്യ പി.ഐ (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), പ്രഭാവതി സി (ഇക്കണോമിക്സ്), ഡി.ലിജിയോ മെറിൽ, സൂര്യ ആനന്ദ്, ജോഫ്രി മുഷൈജ, പുഷിയ കെ.പി. (ഇക്കണോമിക്സ്), ശ്രുതി ബി, പിങ്കി എബ്രഹാം, സ്മിത റ്റി.ആർ. (കെമിസ്ട്രി), രാജാദുരൈ എൽ, സെൽവകുമാർ ആർ, സുമതി റ്റി (തമിഴ്), ദിവ്യ എസ്, സുബ്രമണ്യൻ പി, പാർവതി നന്ദ്, സുമിത ആർ, ലിസി ബെനറ്റ് (കൊമേഴ്സ്), ഇന്ദു ബി കുറുപ്പ്, ഷാരോൺ ഡി' കുന, അനുജ രാജ്, രാകേഷ് ആർ (ഇംഗ്ലീഷ്), രമ്യ ആർ, സന്ധ്യ മേനോൻ, അൻസ എ, ധന്യ റാണി ബി.എസ്., ദീപ ആർ.എസ്. (ഹിന്ദി), ധന്യാമോൾ വി, രേണു എസ്.എസ്., ലതിക എ.സി. (മലയാളം), രോഷ്നി അനിരുദ്ധൻ (ആയുർവേദം), നിഷ ജി നായർ (എഡ്യൂക്കേഷൻ), ശ്രീജു എൻ, പാർവതി എസ് ബാബു, വർണന എം കുമാർ (ഫിസിക്സ്), നിഷ കെ.ജെ (ഡെന്റിസ്ട്രി), നിഷ എ.പി. (ബോട്ടണി), ഷിഫ്ന എ, ഷാഹില ഷെറിൽ പി.എസ്.,
ബീറ്റ ജോൺ, സന്ധ്യ എം. ഉണ്ണിക്കൃഷ്ണൻ, ശ്രീലക്ഷ്മി എസ് (ഹിസ്റ്ററി), സുഭാഷ് എസ്.എൻ

(മാനേജ്മെന്റ് സ്റ്റഡീസ്), ശീതൾ എസ് കുമാർ (സോഷ്യോളജി), എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
23.10.2020

**e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**